**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1581** **08-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | **സംസ്ഥാനത്തെ ഭൂപതിവ് ചട്ടങ്ങളിൽ കാലോചിതമായ ഭേദഗതി വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ തയ്യാറാക്കി വരികയാണ്** |
| (ബി) | താമസത്തിനും കൃഷിക്കുമായി പതിച്ചു നൽകിയ ഭൂമി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നിലവിൽ മാറ്റങ്ങളുണ്ടായിട്ടില്ല. ചട്ടങ്ങളിൽ പൊതുവായ മാറ്റം സംബന്ധിച്ച കാര്യങ്ങൾ ആലോചിച്ചു വരികയാണ്. |
| (സി) | മുൻപ് ഭൂമി ലഭിച്ചവരിൽ ചട്ടം പാലിക്കാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചവരിൽ നിന്നും ഭൂമി തിരികെ ഏറ്റെടുത്തിട്ടുണ്ടോ; എണ്ടെങ്കിൽ എത്ര ഭൂമി തിരികെ ഏറ്റെടുത്തിട്ടുണ്ട്; വിശദമാക്കുമോ; | (സി) | ഉണ്ട്. പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ പള്ളിക്കൽ വില്ലേജിൽ ശ്രീ. ഹസ്സൻ റാവുത്തർ പേരിൽ അനുവദിച്ച എൽ.എ 33/81 നമ്പർ പട്ടയം 1964 ലെ കേരള ഭൂമി പതിവ് ചട്ടം 8 (2) ന്റെ ലംഘനം ബോദ്ധ്യപ്പെട്ടതിനാൽ അടൂർ തഹസിൽദാരുടെ 23.09.2020 ലെ സി4-7940/2018 നമ്പർ ഉത്തരവ് പ്രകാരം റദ്ദ് ചെയ്തിട്ടുള്ളതാണ്.<br><br>കോന്നി താലൂക്കിൽ കലഞ്ഞൂർ വില്ലേജിൽ എൽ.എ 404/74 നമ്പർ പട്ടയ പ്രകാരം അനുവദിച്ച ബ്ലോക്ക് നമ്പർ 33-ൽ റീസർവ്വെ നമ്പർ 106/4 ൽ പ്പെട്ട 68.00 ആർ സ്ഥലവും റീസർവ്വെ നമ്പർ 106/5 ൽപ്പെട്ട 03.30 ആർ സ്ഥലവും ഉൾപ്പെടെ ആകെ 71.30 ആർ പട്ടയ ഭൂമി പട്ടയ വ്യവസ്ഥകൾ ലംഘിച്ചതിനാൽ റദ്ദ് ചെയ്യുകയും ഭൂമി ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.<br><br>മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലെ താനൂർ വില്ലേജിലെ സർവ്വെ നമ്പർ 97/25 ൽപ്പെട്ട 39.87 ആർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വന്നിരുന്നതും ടി കേസ് നിലവിൽ ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (ഡി) | ഭൂപതിവ് ചട്ടങ്ങളിൽ മാറ്റം വരുത്തുമ്പോൾ | (ഡി) | ഭൂപതിവ് ചട്ടങ്ങളിൽ വരുത്തുന്ന മാറ്റങ്ങൾക്ക് |

| | | | |
|---|---|---|---|
| | ഇത്തരത്തിൽ ഏറ്റെടുത്ത ഭൂമി തിരികെ നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ? | | അനുസൃതമായി നിയമപരമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ